"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്- അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ദിപിൻ.പി-യ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.**690/2025/LBR** തീയതി,തിരുവനന്തപുരം, **09-06-2025**

---

പരാമർശം:- 1. **17.01.2023** ലെ സ.ഉ.(സാധാ)നം.**56/2023**/തൊഴിൽ.

2. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ദിപിൻ.പി **09.01.2025** തീയതിയായി സമർപ്പിച്ച അവധി അപേക്ഷ.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ **05.05.2025** ലെ ഇ3-**4276/2022**/ഡി.ഐ.എം.എസ് നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷൂറൻസ് മെഡിക്കൽ ഓഫീസർ ഡോ.ദിപിൻ.പി-യ്ക്ക് കോഴിക്കോട് ഗവ. മെഡിക്കൽ കാളേജിൽ **MD Dermatology & Venerology Course** ചെയ്യുന്നതിന് **12.05.2022** മുതൽ **04.02.2025** വരെ കെ.എസ്.ആർ ഭാഗം **I**, അനുബന്ധം **XII B** - യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോഴ്സ് കാലയളവ് ദീർഘിച്ചതിനാൽ **05.02.2025** മുതൽ **28.02.2025** വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം **(2)** പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം **(3)** പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ദിപിൻ.പി-യ്ക്ക് പരാമർശം **(1)** ലെ സർക്കാർ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി അനുവദിച്ചിരുന്ന ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി ടിയാന് കെ.എസ്.ആർ ഭാഗം **I**, അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി **05.02.2025** മുതൽ **28.02.2025** വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ. ദിപിൻ.പി, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (20.05.2025 ലെ 2277313/LBR-1/358/2022-FIN പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 09-06-2025 11:15:45
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.